**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **27-01-2026 - ൽ മറുപടിയ്ക്ക്**

**നഗരനയം രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പത്തുവർഷത്തിനുള്ളിലുണ്ടായ പശ്ചാത്തല-സാമൂഹ്യ-സാങ്കേതിക വികസനങ്ങളുടെ ഫലമായി സംസ്ഥാനത്ത് അതിവേഗം നഗരവത്കരണം അനിവാര്യമായിരിക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന സംസ്ഥാനമാണ് കേരളം. ഏറ്റവും പുതിയ ജനസംഖ്യാ കണക്കെടുപ്പുകളും ജനസംഖ്യാ പ്രവചനങ്ങളും സംസ്ഥാനം അതിവേഗം നഗരവത്കരണത്തിന്റെ പാതയിലാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. 1991 ലെ സെൻസസ് പ്രകാരം കേരളത്തിലെ നഗര ജനസംഖ്യ 26.44 ശതമാനം മാത്രമായിരുന്നുവെങ്കിൽ, വെറും 20 വർഷങ്ങൾക്കുള്ളിൽ (2011 സെൻസസ് അനുസരിച്ച് ) അത് 47.22 ശതമാനമായി ഉയർന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.<br><br>കേരളത്തിലെ സെൻസസ് ടൗണുകളുടെ എണ്ണത്തിലുണ്ടായ വർധനവിലും അതിവേഗം നഗരവത്കരണത്തിന്റെ പ്രവണത വ്യക്തമായി കാണാവുന്നതാണ് . 2001 ൽ 159 ആയിരുന്ന സെൻസസ് ടൗണുകളുടെ എണ്ണം 2011 ഓടെ മൂന്നിരട്ടിയിലധികം വർധിച്ച് 520 എണ്ണം ആയി. നിലവിൽ കേരളത്തിലെ നഗര ജനസംഖ്യ 60 ശതമാനത്തിലധികമാണെന്നും 2051 ഓടെ ഇത് 80 ശതമാനത്തിനടുത്ത് എത്തുമെന്നും കരുതുന്നു. |
| (ബി) | കേരളത്തിന്റെ ഭാവിവികസനം മുന്നിൽ കണ്ട് രാജ്യത്ത് ആദ്യമായി ഒരു നഗരനയം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ടും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയും നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിന് അനുസൃതമായും ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സമഗ്ര നഗരനയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം |

| | | | |
|---|---|---|---|
| | | | നഗരനയം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.<br><br>ഇതിനായി ബെൽഫാസ്റ്റിലെ ക്വീൻസ് സർവകലാശാലയിലെ പ്രൊഫസറായ ശ്രീ. എം. സതീഷ് കുമാർ ചെയർമാനായി സർക്കാർ പതിമൂന്നംഗ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ചു. അക്കാദമിക, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ വിദശ്ധർ ഉൾപ്പെട്ട ഈ കമ്മീഷൻ, രാജ്യത്തെ പ്രധാനപ്പെട്ട ഏകദേശം 21 അക്കാദമിക സ്ഥാപനങ്ങൾ നടത്തിയ 32 ഹ്രസ്വകാല പഠനങ്ങളുടെയും 50 ലധികം സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷനുകളുടെയും അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചത്. ഇത്തരത്തിൽ സമാഹരിച്ച വിവരങ്ങളും പഠനങ്ങളും ആധാരമാക്കി കമ്മീഷൻ 2024 ഡിസംബർ മാസത്തിൽ ഒരു ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് മാസത്തിൽ അന്തിമ റിപ്പോർട്ടും സമർപ്പിച്ചു.<br><br>കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് കൊച്ചിയിൽ വച്ച് 2025 സെപ്റ്റംബർ 12, 13 തീയതികളിൽ "കേരള അർബൻ കോൺക്ലേവ് 2025" സംഘടിപ്പിച്ചു.<br><br>കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല - ദീർഘകാല ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സംപുഷ്ടിപ്പെടുത്തി, പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗരധനാഗമ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം, ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള നഗരഭരണം, പുതിയ നഗര ഭരണ പങ്കാളിത്ത മാതൃകകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക് ഊന്നൽ നൽകികൊണ്ട് നഗരനയം അന്തിമമാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | നഗരനയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ടും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയും നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ച്ചപ്പാടിന് അനുസൃതമായും ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് |

| | | | |
|---|---|---|---|
| | | | അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സമഗ്ര നഗരനയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം നഗരനയം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.<br><br>ഇതിനായി ബെൽഫാസ്റ്റിലെ ക്വീൻസ് സർവകലാശാലയിലെ പ്രൊഫസറായ ശ്രീ. എം. സതീഷ് കുമാർ ചെയർമാനായി സർക്കാർ പതിമൂന്നംഗ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ചു. അക്കാദമിക, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ വിദഗ്ധർ ഉൾപ്പെട്ട ഈ കമ്മീഷൻ, രാജ്യത്തെ പ്രധാനപ്പെട്ട ഏകദേശം 21 അക്കാദമിക സ്ഥാപനങ്ങൾ നടത്തിയ 32 ഹ്രസ്വകാല പഠനങ്ങളുടെയും 50 ലധികം സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷനുകളുടെയും അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചത്. ഇത്തരത്തിൽ സമാഹരിച്ച വിവരങ്ങളും പഠനങ്ങളും ആധാരമാക്കി കമ്മീഷൻ 2024 ഡിസംബർ മാസത്തിൽ ഒരു ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് മാസത്തിൽ അന്തിമ റിപ്പോർട്ടും സമർപ്പിച്ചു.<br><br>കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് കൊച്ചിയിൽ വച്ച് 2025 സെപ്റ്റംബർ 12, 13 തീയതികളിൽ "കേരള അർബൻ കോൺക്ലേവ് 2025" സംഘടിപ്പിച്ചു.<br><br>കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല - ദീർഘകാല ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സംപുഷ്ടിപ്പെടുത്തി, പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗരധനാഗമ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം, ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള നഗരഭരണം, പുതിയ നഗര ഭരണ പങ്കാളിത്ത മാതൃകകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക് ഊന്നൽ നൽകികൊണ്ട് നഗരനയം അന്തിമമാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ